# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *68

11/03/2015-ൽ മറുപടിക്ക്

## കുരങ്ങുപനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.എളമരം കരീം<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കുരങ്ങുപനി (ക്യാസനൂർ ഫോറസ്റ്റ് ഡിസീസ്) പടർന്നു പിടിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുൽത്താൻ ബത്തേരി - പുൽപ്പള്ളി ബ്ലോക്കിൽപ്പെട്ട പൂതാടി, മുള്ളൻകൊല്ലി, ചെതലയം, നൂൽപ്പുഴ പ്രദേശങ്ങളിലെ വനത്തോട് ചേർന്ന് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളിൽ 2015 ജനുവരി മുതൽ കുരങ്ങുപനി ബാധിച്ചതായി ആരോഗ്യ വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ട്. |
| ബി) രോഗവ്യാപനം തടയുന്നതിനും ചികിത്സാസൗകര്യം ഒരുക്കുന്നതിനും ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | ബി) ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ അടിയന്തിര യോഗം ചേർന്ന് നടപടികൾ ആരംഭിച്ചു. മൃഗസംരക്ഷണം, വനംവകുപ്പ്, ട്രൈബൽ വകുപ്പ് എന്നിവരും സഹകരിച്ച് വനാന്തരത്തിൽ നടന്നിരുന്ന തൊഴിലുകൾ താൽക്കാലികമായി നിർത്തിവെച്ചു.<br>• കുരങ്ങുമരണ നിരീക്ഷണം ശക്തിപ്പെടുത്തി.<br>• രോഗബാധിതർക്ക് ചികിൽസാ സൗകര്യം ഊർജ്ജിതമാക്കി.<br>• ആരോഗ്യ പ്രവർത്തകർ ഗൃഹ സന്ദർശനവും കോളനി സന്ദർശനവും |

ശക്തിപ്പെടുത്തി.

- ദിനം പ്രതിയുള്ള പനി നിരീക്ഷണം ഊർജ്ജിതമാക്കി.
- രോഗ നിർണ്ണയത്തിനായി മണിപ്പാൽ ആശുപത്രിയിലെ വൈറോളജി വിഭാഗവുമായി ചേർന്ന് ഒരു സംവിധാനം ഏർപ്പെടുത്തി.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ റഫറൽ ചികിൽസാ സൗകര്യം ഉറപ്പാക്കി.
- വയനാട് വിംസ് മെഡിക്കൽ കോളേജിൽ സൗജന്യമായി അടിയന്തിര റഫറൽ ചികിൽസ നൽകുവാനുള്ള ഏർപ്പാടുണ്ടാക്കി.
- ജില്ലയിലെ പ്രധാന ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. ബത്തേരി താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി മാനന്തവാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി, ചെതലയം, പൂതാടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ചികിൽസാ സൗകര്യം വിപുലീകരിച്ചു.
- മറ്റ് പ്രദേശങ്ങളിൽ വ്യാപിക്കാതിരിക്കാൻ നിരീക്ഷണം ശക്തിപ്പെടുത്തി.
- കർണ്ണാടകയിലെ വിദഗ്ധൻമാരുമായി കൂടിയാലോചിച്ച് ചികിൽസാ മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി.

സി) കരങ്ങുപനി നിർണ്ണയത്തിനും ചികിത്സയ്ക്കും സംസ്ഥാനത്തുള്ള

സി)

- രോഗനിർണ്ണയത്തിനായി രക്ത

സൗകര്യങ്ങൾ എന്തൊക്കെയാണ് ;

സാമ്പിളുകൾ മണിപ്പാൽ ആശുപത്രിയിലെ വൈറോളജി വിഭാഗത്തിൽ എത്തിച്ച് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- ആലപ്പുഴയിലെ എൻ.ഐ.വി. യൂണിറ്റിലും പരിശോധനാ സൗകര്യം ലഭ്യമാണ്.
- കുരങ്ങുകളിലെ രോഗ നിർണ്ണയത്തിനായി മൃഗസംരക്ഷണ വന്യജീവി വിഭാഗം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഈ സൗകര്യം കർണ്ണാടകയിലെ ഷിമോഗ ലാബിൽ ലഭ്യമാണ്.

ചികിൽസാ സൗകര്യങ്ങൾ എല്ലാ പ്രധാന ആശുപത്രികളിലും ലഭ്യമാണ്. രോഗ ലക്ഷണങ്ങൾക്കനുസരിച്ചാണ് ചികിൽസ. പ്രത്യേക മരുന്നുകൾ നിലവിൽ ഇല്ല. ഗുരുതര രോഗ ലക്ഷണമുള്ളവർക്ക് വിദഗ്ധ ചികിൽസ ആവശ്യമായി വരും. അത്തരം സന്ദർഭങ്ങളിൽ റഫറൽ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്.

ഡി) സർക്കാർ ഇതുവരെ സ്വീകരിച്ച രോഗപ്രതിരോധ നടപടികൾ അറിയിക്കാമോ ?

ഡി)

- രോഗം സ്ഥിരീകരിച്ച ഉടൻതന്നെ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ അടിയന്തിര യോഗം ചേർന്നു.
- മൃഗസംരക്ഷണം, വനം, പട്ടിക വർഗ്ഗ, ആദിവാസി വകുപ്പ് എന്നീ വിഭാഗങ്ങൾ ചേർന്ന് നടപടികൾക്ക് രൂപം നൽകി.

- കർണ്ണാടകയിലെ കുരങ്ങുപനി നിയന്ത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ വിശകലനം ചെയ്തു. ജില്ലയ്ക്ക് അനുയോഗ്യമായ പ്രവർത്തനരേഖ രൂപപ്പെടുത്തി നടപ്പാക്കി. കുരങ്ങുകൾ ചാകുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചത്ത കുരങ്ങുകളെ അപ്പപ്പോൾ തന്നെ മറവു ചെയ്യുകയും ചെയ്യുന്നു. കൂടാതെ അതിനു ചുറ്റും കീടനാശിനി തളിച്ച് രോഗം പരത്തുന്ന ചെള്ളുകളെ നശിപ്പിക്കുകയും ചെയ്യുന്നു. കാടിനോടടുത്തു കിടക്കുന്ന കോളനികളിൽ താമസിക്കുന്നവർക്കും കാട്ടിലേയ്ക്ക് പോകുന്ന ആൾക്കാർക്കും ചെള്ള് കടിക്കാതിരിക്കാൻ ചെള്ളുകളെ അകറ്റുന്ന ലേപനങ്ങളും വിതരണം ചെയ്തിട്ടുണ്ട്.
- സംസ്ഥാന ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധ സംഘം രോഗബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.
- ജില്ലാ മെഡിക്കൽ ഓഫീസർ, ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ തുടങ്ങിയ മുതിർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രോഗ നിരീക്ഷണം ശക്തിപ്പെടുത്തി.
- ആരോഗ്യ പ്രവർത്തകർ കോളനികൾ സന്ദർശിച്ച് രോഗസംശയമുള്ളവരെ കണ്ടെത്തി ആശുപത്രികളിൽ പ്രവേശിപ്പിച്ചു.
- സുൽത്താൻ ബത്തേരി താലൂക്ക്

ആശുപത്രി, ജില്ലാ ആശുപത്രി, മാനന്തവാടി, പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി, ചെതലയം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ചികിൽസാ സൗകര്യം ഉറപ്പാക്കി.

- കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ഒരു വിദഗ്ധ സംഘം ജില്ല സന്ദർശിച്ച് വിശദമായി വിശകലനം ചെയ്ത് നിർദ്ദേശങ്ങൾ നൽകി.
- ആരോഗ്യ വകുപ്പ് മന്ത്രി രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. രോഗികളെയും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളേയും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. രോഗബാധിത പഞ്ചായത്തുകളുമായും ജില്ലയുടെ ജനപ്രതിനിധികളുമായും ചർച്ച ചെയ്ത് ദീർഘകാല പദ്ധതികൾക്ക് നിർദ്ദേശം നൽകി.
- വനം വകുപ്പ് ജീവനക്കാർക്ക് കെ.എഫ്.ഡി. വാക്സിൻ നൽകാൻ നടപടികൾ ആരംഭിച്ചു.
- രോഗബാധ സാധ്യതകൾ കൂടിയ ആദിവാസി വിഭാഗങ്ങൾക്കായി വാക്സിൻ നൽകാൻ നടപടികൾ തുടങ്ങി.
- കർണ്ണാടകയിലെ വിദഗ്ധരുമായി ഒരു സംയുക്ത കൂടിയാലോചന യോഗം ചേർന്ന് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ചു.

- സംസ്ഥാനതലത്തിലേയും മടപ്പള്ളി ഗവൺമെന്റ് കോളേജ് ജന്തുശാസ്ത്ര വിഭാഗം വിദഗ്ധരുമായി സഹകരിച്ചുകൊണ്ട് കുരങ്ങുപനി പരത്തുന്ന പ്രാണികളെ (ചെള്ളുകളെ) രോഗബാധിത പ്രദേശങ്ങളിൽ നിന്ന് കണ്ടെത്തുകയും അവയുടെ നശീകരണത്തിനുള്ള പദ്ധതികൾ നടപ്പാക്കുകയും ചെയ്യും.

സെക്ഷൻ ഓഫീസർ